**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6487** **10-07-2024 - ൽ മറുപടിയ്ക്ക്**

**മില്ലറ്റ് വില്ലേജ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ആദിവാസി മേഖലകളിൽ പാരമ്പര്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള അട്ടപ്പാടിയിലെ മില്ലറ്റ് വില്ലേജ് പദ്ധതിയുടെ പ്രത്യേകത അറിയിക്കാമോ; വിശദമാക്കാമോ; | (എ) | അട്ടപ്പാടിയിലെ ആദിവാസി സമൂഹത്തിന്റെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് ആദിവാസി വിഭാഗത്തിന്റെ തനത് ഭക്ഷണമായ ചെറുധാന്യങ്ങൾ ലഭ്യമാക്കുന്നതിനായി **മില്ലറ്റ് വില്ലേജ് പദ്ധതി** 2017 ൽ ആരംഭിച്ചു.<br><br>2019-20 വർഷത്തിൽ മില്ലറ്റ് വില്ലേജ് പദ്ധതി അവസാനിച്ചപ്പോൾ റീ ബിൽഡ് കേരള ഇൻഷ്യേറ്റീവിൽ ഉൾപ്പെടുത്തി മില്ലറ്റ് വില്ലേജ് പദ്ധതിയുടെ തുടർച്ചയായി 7.99 കോടി രൂപയുടെ അട്ടപ്പാടി ആദിവാസി സമഗ്ര സുസ്ഥിര കാർഷിക വികസന പദ്ധതി നടപ്പിലാക്കി വരുന്നു. വന്യമൃഗശല്യം, കാലാവസ്ഥാ വ്യതിയാനം എന്നിവ പ്രതിസന്ധികൾ സൃഷ്ടിക്കുന്നുവെങ്കിലും നിലവിൽ ഓരോ സീസണിലും ഏകദേശം 100 ഹെക്ടർ സ്ഥലത്ത് ചെറു ധാന്യങ്ങൾ കൃഷി ചെയ്യുന്നുണ്ട്. 2023-24 വർഷത്തിൽ രണ്ട് സീസണുകളിലായി 2003 ഹെക്ടർ സ്ഥലത്ത് ചെറുധാന്യങ്ങൾ കൃഷി ചെയ്തു. ഒരു വർഷം 3000 ഹെക്ടറിലേക്ക് കൃഷി വ്യാപിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. നിലവിലെ ഉൽപാദന ക്ഷമത ഹെക്ടറിന് ഏകദേശം 700 Kg ആണ്.<br><br>ജൈവ സർട്ടിഫിക്കേഷൻ പ്രവർത്തനത്തിന്റെ ഫലമായി 40 ഊരുകളിലെ 926 കർഷകരുടെ 742 ഹെക്ടർ സ്ഥലത്തിന് നിലവിൽ ജൈവ സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്. റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ്, അട്ടപ്പാടി ആദിവാസി സമഗ്ര സുസ്ഥിര കാർഷിക വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ബാക്കിയുള്ള 33 ഊരുകളിലെ 369 കർഷകരുടെ 153 ഹെക്ടർ കൃഷി സ്ഥലത്തിന് സി3 സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്. കൂടാതെ ഓർഗാനിക് സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരികയും |

| | | | |
|---|---|---|---|
| | | | ചെയ്യുന്നു. ഇന്ത്യയിൽ ആദ്യമായാണ് ഒരു ആദിവാസി സമൂഹം ചെയ്യുന്ന ചെറു ധാന്യ കൃഷിക്ക് ഏറ്റവും മികച്ച ജൈവ സർട്ടിഫിക്കേഷൻ ലഭ്യമാകുന്നത്.<br><br>ചെറുധാന്യങ്ങൾക്കൊപ്പം പ്രാദേശികമായി കൃഷി ചെയ്യുന്ന മറ്റ് വിളകൾക്കും മികച്ച പരിഗണന പദ്ധതിയിൽ നൽകുന്നുണ്ട്. ഇതിന്റെ ഫലമായി അട്ടപ്പാടി തുവര, ആട്ടുകൊമ്പ് അവര എന്നിവക്ക് അടുത്തിടെ ഭൗമസൂചികാ പദവി ലഭ്യമായിട്ടുണ്ട്.<br><br>കർഷകർ ഉൽപ്പാദിപ്പിക്കുന്ന ചെറുധാന്യങ്ങൾ പ്രാദേശിക തലത്തിൽ തന്നെ സംസ്കരിച്ച് വിപണനം നടത്തുന്നതിന് അട്ടപ്പാടി ട്രൈബൽ ഫാർമേഴ്സ് അസ്സോസിയേഷൻ ഫോർ മില്ലറ്റ്സ് (ATFARM) എന്ന കർഷക ഉൽപാദക സംഘം രൂപീകരിച്ചു. ഇതിനായി പുതൂർ പഞ്ചായത്തിലെ ചീരക്കടവിൽ പ്രതിദിനം 500 കിലോ സംസ്കരണ ശേഷിയുള്ള ഒരു മിൽ പ്രവർത്തിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി മറ്റു സ്ഥലങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ബി) | ചെറുധാന്യങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് കാലാവസ്ഥ അനുയോജ്യമായ മറ്റ് സ്ഥലങ്ങളിലും ഇവയുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ